തനിക്കെതിരെ കേസ് എടുത്ത ഓഫീസർക്കെതിരെ നിയമ നടപടി സ്വീകരിക്കും

കോഴിക്കോട്: തനിക്കെതിരെ കേസ് എടുത്ത പൊലീസ് ഓഫീസർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് കോഴിക്കോട് പാർലമെന്റ് മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി എം.കെ. രാഘവൻ പറഞ്ഞു. സിവിൽ സ്റ്റേഷനടുത്ത് മാതൃബന്ധു വിദ്യാലയ എൽ.പി സ്കൂൾ 81-ാം നമ്പർ ബൂത്തിൽ രാവിലെ വോട്ട് രേഖപ്പെടുത്തിയശേഷം മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹൈക്കോടതിയിലെ അഭിഭാഷകനായ അർജ്ജുൻ രാഘവനോടൊപ്പമാണ് എം.കെ. രാഘവൻ ഇന്നലെ വോട്ട് ചെയ്യാൻ എത്തിയത്. 7.35ന് ബൂത്തിൽ എത്തിയ അദ്ദേഹം ഇരുപത് മിനിട്ടോളം ക്യൂവിൽ നിന്നാണ് വോട്ട് രേഖപ്പെടുത്തിയത്.

ലിസ്റ്റിൽ പേരില്ലെന്നറിഞ്ഞ് കുഴഞ്ഞുവീണു മരിച്ചു

കൊല്ലം: വോട്ട് ചെയ്യാനെത്തിയപ്പോൾ വോട്ടർ പട്ടികയിൽ പേരില്ലെന്നറിഞ്ഞ് വ്യാകുലപ്പെട്ട ഗൃഹനാഥൻ പോളിംഗ് ബൂത്തിൽ കുഴഞ്ഞുവീണ് മരിച്ചു. കല്ലുംതാഴം പവിത്രം നഗർ 90, പാർവതി മന്ദിരത്തിൽ മണിയാണ് (63) മരിച്ചത്.

ഇരവിപുരം നിയമസഭാ മണ്ഡലത്തിലെ കിളികൊല്ലൂർ എൽ.പി. സ്കൂൾ അഞ്ചാം നമ്പർ ബൂത്തിൽ വോട്ട് ചെയ്യാനെത്തിയ മണി രാവിലെ ഏഴരയോടെയാണ് കുഴഞ്ഞുവീണത്. ഉടൻ സമീപത്തെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വോട്ട് ചെയ്യാനെത്തി ലിസ്റ്റ് നോക്കിയപ്പോഴാണ് മണിയുടെ പേര് അതിൽ ഇല്ലെന്ന് മനസിലായത്. ഇതേക്കുറിച്ച് പോളിംഗ് ഓഫീസറുമായി സംസാരിക്കുമ്പോഴാണ് കുഴഞ്ഞുവീണത്.

ദേശീയ രാഷ്ട്രീയത്തിൽ കേരളം ഇഴുകി ചേർന്നു: ശ്രീധരൻപിള്ള

തിരുവനന്തപുരം: കേരളത്തിലെ പ്രബുദ്ധരായ സമ്മതിദായകരും നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള ദേശീയരാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ ഇഴുകിച്ചേരാൻ തയ്യാറായി എന്നതിന്റെ തെളിവാണ് സംസ്ഥാനത്തെ വോട്ടെടുപ്പെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്.ശ്രീധരൻപിള്ളപ്രസ്താവനയിൽ പറഞ്ഞു. സമാധാനപരമായി സമ്മതിദാനാവകാശം രേഖപ്പെടുത്തിയ ജനങ്ങളോട് അദ്ദേഹം നന്ദി പ്രകടിപ്പിച്ചു. നമ്മുടെ ജനാധിപത്യം കൂടുതൽ ശക്തവും ആരോഗ്യകരവും ആയതിന്റെ സൂചനയാണ് ഉയർന്ന പോളിംഗ് ശതമാനം. തിരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഏർപ്പെട്ട പാർട്ടി പ്രവർത്തകർക്കും അണികൾക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

രാത്രിയിൽ ബൂത്തിനു മുന്നിൽ ഷാനിമോളെ തടഞ്ഞു, സംഘർഷം

കായംകുളം: രാത്രിവൈകിയും വോട്ടെടുപ്പ് നടന്ന ചേരാവള്ളി എൽ.പി സ്കൂളിലെ 99-ാം നമ്പർ ബൂത്തിൽ വൈകിട്ട് ഏഴ് മണിയോടെ യു.ഡി.എഫ് സ്ഥാനാർത്ഥി ഷാനിമോൾ ഉസ്മാൻ എത്തിയത് സംഘർഷാവസ്ഥ സൃഷ്ടിച്ചു.

നീണ്ട ക്യൂ ഉണ്ടായിരുന്നതിനാൽ ആറുമണിയോടെ 225 പേർക്ക് പാസ് നൽകിയശേഷം ഗേറ്റ് അടച്ചിരുന്നു. വോട്ടെടുപ്പ് നീണ്ടുപോകുന്നതറിഞ്ഞ് സ്ഥലത്തെത്തിയ ഷാനിമോളെ സി.പി.എം പ്രവർത്തകർ തടയാൻ ശ്രമിച്ചതാണ് സംഘർഷാവസ്ഥയ്ക്ക് കാരണമായത്. പൊലീസ് ഗേറ്റ് തുറന്ന് ഷാനിമോളെ അകത്ത് പ്രവേശിപ്പിച്ചെങ്കിലും കൂടുതലുണ്ടായിരുന്നവരെ താക്കളെകയറ്റിവിട്ടില്ല. ഇതോടെ ഷാനിമോൾ കുത്തിയിരുന്ന് പ്രതിഷേധിച്ചു. ഇരുവിഭാഗവും സംഘടിച്ചതോടെ കൂടുതൽ പൊലീസ് എത്തി ബൂത്തിന് സംരക്ഷണം നൽകി. രാത്രി 8.40 നാണ് ഇവിടെ പോളിംഗ് അവസാനിച്ചത്.

തമ്പാനൂർ റെയിൽവേ സ്റ്റേഷന് മുന്നിൽ അവശനിലയിൽ യുവതി

തിരുവനന്തപുരം: സെൻട്രൽ റെയിൽവേ സ്റ്റേഷന് മുന്നിൽ ഇന്നലെ പുലർച്ചെ ഇളിക കുഴിച്ച് അവശനിലയിൽ യുവതിയെ കണ്ടെത്തി. കരുനാഗപ്പള്ളി സ്വദേശിയായ ഗംഗാദേവിയെയാണ് (30) ഇന്നലെ പുലർച്ചെ രണ്ട് മണിയോടെ റെയിൽവേസ്റ്റേഷന്റെ മുൻവശത്ത് അബോധാവസ്ഥയിൽ കണ്ടത്. ആട്ടോക്കാരാണ് വിവരം പൊലീസിനെ അറിയിച്ചത്. യുവതിയുടെ കൈവശമുള്ള ബാഗുകൾ പരിശോധിച്ച പൊലീസ് കരുനാഗപ്പള്ളി സ്വദേശിയാണെന്ന് സ്ഥിരീകരിച്ച് വിവരം കരുനാഗപ്പള്ളി പൊലീസിനെ അറിയിച്ചിട്ടുണ്ട്. പുലർച്ചെ ഒരു ആട്ടോറിക്ഷയിൽ ഇവർ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുന്നതായി സി.സി ടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്.

ഈ മാസം അഞ്ചിന് നാട്ടിൽ നിന്ന് യു.എ.ഇയിലേക്ക് പോയ ഇവർ കഴിഞ്ഞദിവസം നെടുമ്പാശേരി വിമാനത്താവളത്തിൽ ഇറങ്ങിയതായി പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യുവതി ഇപ്പോൾ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. വിഷം ഉള്ളിൽ ചെന്നലക്ഷണങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെങ്കിലും ഏതോ ഇളിക അമിതമായി കഴിച്ചതായി ഡോക്ടർമാർ അറിയിച്ചു. അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

നെടുമ്പാശേരിൽ ഇറങ്ങിയ യുവതി തലസ്ഥാനത്ത് എങ്ങനെ എത്തിയെന്ന് പൊലീസ് അന്വേഷിക്കുന്നുണ്ട്.

തന്നെ വിവാഹ വാഗ്ദാനം നൽകി വഞ്ചിച്ചെന്നും വീട്ടിൽ നിന്നിറക്കിവിട്ടുവെന്നും അബോധാവസ്ഥയിൽ ഇവർ പറയുന്നുണ്ട്. കരുനാഗപ്പള്ളിയിൽ നിന്ന് ബന്ധുക്കളെത്തിയശേഷമേ കൂടുതൽ വിവരങ്ങൾ വ്യക്തമാകൂവെന്ന് പൊലീസ് പറഞ്ഞു.

വിവിധ മണ്ഡലങ്ങളിൽ വോട്ട് ചെയ്യാനിറങ്ങിയ

13 പേർ കുഴഞ്ഞുവീണ് മരിച്ചു

തിരുവനന്തപുരം: വോട്ട് ചെയ്യാനെത്തിയ ഉൾപ്പെടെ വിവിധ മണ്ഡലങ്ങളിലായി 10 പേർ കുഴഞ്ഞുവീണ് മരിച്ചു. മുസ്ലിംലീഗ് നേതാവും തലശ്ശേരി മുൻ നഗരസഭാ കൗൺസിലറുമായ എ.കെ. മുസ്തഫ (52), കല്ലുംതാഴം പവിത്രം നഗർ 90 പാർവതി മന്ദിരത്തിൽ മണി (63), കൊല്ലങ്കോട് മലയാമ്പള്ളത്ത് പരേതനായ നൂർ മുഹമ്മദിന്റെ ഭാര്യ മൈഹബൂബ (65), പാറപ്പുറത്ത് പള്ളിപ്പാടൻ വീട്ടിൽ പരേതനായ യോഹന്നാന്റെ ഭാര്യ ത്രേസ്യ (87), പല്ലൂർ പൂവളപ്പിലെ കെ. ആർ. ബാബുരാജ് (45), കാഞ്ഞിരത്തിൻ കീഴിലെ മൂടോളിൽ വിജയി (67), മറ്റം വടക്ക് പെരിങ്ങാട്ടം പള്ളിൽപ്രഭാകരൻ (74), തലയോലപ്പറമ്പ് മുളക്കുളം കാലായിൽ പരേതനായ ഔസേഫിന്റെ ഭാര്യ റോസമ്മ ഔസേഫ് (84), ചൂഴലി ചാലുവയൽ വടക്കേമുലയിൽ താമസിക്കുന്ന പി.വി. വേണുഗോപാലമാരാർ (62), കിഴക്കേത്തറപരേതനായ കണ്ടന്റെ ഭാര്യ തത്ത (90), അഞ്ഞണിക്കുന്ന് ആദിവാസി കോളനിയിലെ ബാലൻ (64), പത്തനംതിട്ട വടശ്ശേരിക്കര പേഴും പാറ ചാക്കോമത്തായി (67), കോട്ടയം പാറമ്പുഴ അർത്യാകുളം എ.പി. സുരേഷ് (49) എന്നിവരാണ് മരിച്ചത്.

മൈഹബൂബ പ്രഭാകരൻ ത്രേസ്യ വിജയി

മാരിയമ്മൻ അൽമദ്റസത്തുൽഎൽ.പി സ്കൂൾ ബൂത്തിൽ വോട്ട് ചെയ്തശേഷം ഉച്ചയ്ക്ക് രണ്ടുമണിയോടെ മുൻ നഗരസഭാ വൈസ് ചെയർമാൻ പിലാക്കണ്ടി മുഹമ്മദലിയുടെ വീട്ടിലെത്തിയപ്പോൾ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട എ.കെ. മുസ്തഫയെ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മുസ്ലിംലീഗ് മുൻ ജില്ലാകൗൺസിലർ, മണ്ഡലം ട്രഷറർ, മുനിസിപൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൈതേരിയിൽ യു.ബി. അബുവിന്റെയും തലശ്ശേരി ചിറക്കരയിലെ എ.കെ കുഞ്ഞാനവിന്റെയും മകനാണ്. ഭാര്യ: ഇടയിൽപീടികയിലെ സെറീന. മക്കൾ: റസാന. ഫാസിമത്തുൽ അഫ്രിൻ, മുഹമ്മദ് അഫ്നാൻ. മരുമകൻ: ജഷർ (പെരിങ്ങാടി). ഇന്ന് രാവിലെ 10ന് തലശ്ശേരി സൈദാർ പള്ളി കബർസ്ഥാനിൽ കബറടക്കം നടക്കും.

കിളികൊല്ലൂരിൽ വോട്ട്ചെയ്യാനെത്തിയ അറുപത്തിമൂന്നുവയസുകാരനായ മണി (63) വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലെന്നറിഞ്ഞ് പോളിംഗ് ബൂത്തിൽ കുഴഞ്ഞുവീണ് മരിക്കുകയായിരുന്നു. കൊല്ലങ്കോട് മലയാമ്പള്ളം എ.യു.പി.എസിലെ 67-ാം ബൂത്തിൽ വോട്ടുചെയ്യാനെത്തിയ മൈഹബൂബ ഉച്ചയ്ക്ക് ഒന്നിനാണ് കുഴഞ്ഞുവീണ് മരിച്ചത്. മക്കൾ: സാലുദ്ദീൻ, ഖുദ്ദൂസ്, സുലൈമാൻ, റഫീഖ്, സക്കീർ, ജമീല, ലൈല, ഷൈറോജ, സഫീദ.

കാലടി കാഞ്ഞൂർ പഞ്ചായത്തിലെ പാറപ്പുറത്ത് രാവിലെ എട്ടുമണിക്ക് വോട്ട് ചെയ്യാൻ ക്യൂ നിൽക്കവേയാണ് ത്രേസ്യ കുഴഞ്ഞുവീണു മരിച്ചത്. മക്കൾ: റാണി, ലൈജു, റജീന, അൽഫോൻസ, മരുമക്കൾ: വർഗീസ്, ജോസഫ്, ജോസ്, നീന. സംസ്കാരം ഇന്ന് രാവിലെ 9.30ന് പാറപ്പുറം സെന്റ് ജോർജ് പള്ളി സെമിത്തേരിയിൽ നടക്കും.

കാസർകോട് പുല്ലൂരിൽ മകളോടൊപ്പം വോട്ട് ചെയ്യാൻ പോകുമ്പോഴാണ് കെ. ആർ. ബാബുരാജ് (45) കുഴഞ്ഞുവീണ് മരിച്ചത്. ഉച്ചയ്ക്ക് 12 മണിയോടെ ഹരിപുരം - ഉദയനഗർ റോഡിൽ കൂടി മകൾ സബിതയോടൊപ്പം പല്ലൂർ ഗവ. യു.പി സ്കൂളിലെ പോളിംഗ് ബൂത്തിലേക്ക് നടന്നുപോകുകയായിരുന്നു. ടിപ്പർലോറിഡ്രൈവറാണ്. എൻ.എസ്.എസ് കരയോഗം പ്രവർത്തകനാണ്. ഭാര്യ: പി. സുജാത. മക്കൾ: കെ.ആർ. സബിതരാജ് (ഡിഗ്രി വിദ്യാർത്ഥിനി, മുന്നാട് പീഷൾസ് കോളേജ്), കെ.ആർ. സുബിൻ രാജ് (വിദ്യാർത്ഥി, കാസർകോട് ഗവ. പോളി, പെരിയ).

തലശ്ശേരികാഞ്ഞിരത്തിൻകീഴിലെ 158-ാം നമ്പർ ബൂത്തിലെത്തിയാണ് മൂടോളിൽ വിജയി (67) കുഴഞ്ഞുവീണ് മരിച്ചത്. മാഹി സ്പിന്നിംഗ് മില്ലിൽനിന്നു വിരമിച്ച പരേതനായ കൃഷ്ണകൃഷ്ണന്റെ ഭാര്യയാണ്. മക്കൾ: രേഷ്ന, വിജേഷ് (മലബാർ ബുക്സ്, തലശ്ശേരി). മരുമകൻ: സജീവൻ (എസ്.ബി.ഐ മാഹി).

ഉച്ചയ്ക്ക് 12 ഓടെയാണ് മാവേലിക്കരകണ്ടിയൂർ യു.പി സ്കൂളിൽ വോട്ട്ചെയ്യപുറത്തിറങ്ങിയപ്രഭാകരൻ കുഴഞ്ഞുവീണുമരിച്ചത്. റിട്ട. അദ്ധ്യാപകനാണ്. വിശ്വകർമ്മമഹാസഭ കണ്ടിയൂർ മറ്റം ശാഖാ പ്രസിഡന്റായിരുന്നു. ഭാര്യ: കനകലക്ഷ്മിയമ്മാൾ. മകൾ: കനകപ്രഭ. മരുമകൻ: ബാലേന്ദു കുമാർ.

തലയോലപ്പറമ്പ് ഗവ.എൽ.പി സ്കൂളിൽ വോട്ട് ചെയ്യാനായി ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ വാഹനത്തിൽകയറുന്നതിനിടെയാണ് റോസമ്മ ഔസേഫ് കുഴഞ്ഞുവീണ് മരിച്ചത്. മക്കൾ: അമ്മിണി, മേരി, പരേതയായ എൽസമ്മ, അപ്പച്ചൻ, മോളി, രാജു (നഴ്സ്, യു.കെ). മരുമക്കൾ: തോമസ്, ജോയി, ബേബി, സിസിലി, ജോസ്, സിസിലി (നഴ്സ്, യു.കെ). സംസ്കാരം നാളെ വൈകിട്ട് 3ന് തലയോലപ്പറമ്പ് സെന്റ് ജോർജ് പള്ളിയിൽ.

കണ്ണൂർ ശ്രീകണ്ഠപുരം ചൂഴലി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ 89-ാം നമ്പർ ബൂത്തിൽ വോട്ട് ചെയ്തശേഷം 11 മണിയോടെ മടങ്ങവേയാണ് വാദ്യകലാകാരനായ പി.വി. വേണുഗോപാല മാരാർ (62) കുഴഞ്ഞുവീണ് മരിച്ചത്. ചെണ്ട, കൊമ്പ് വാദ്യങ്ങളിൽ പ്രാവീണ്യമുള്ളയാളാണ്. ഭാര്യ: ശ്രീദേവി. മക്കൾ: ദീപ, ദീപു (കോയമ്പത്തൂർ). മരുമകൻ: ഹരിദാസൻ (വയത്തൂർ). സംസ്കാരം ഇന്ന് രാവിലെ 10ന് ചെങ്ങളായി പഞ്ചായത്ത് ശ്മശാനത്തിൽ.

ആലത്തൂർ എരിമയൂർ സെന്റ് തോമസ് മിഷൻ എൽ.പി.എസിലെ 43-ാം നമ്പർ ബൂത്തിൽ വോട്ട് ചെയ്യാനെത്തിയപ്പോഴാണ് തത്ത (90) കുഴഞ്ഞുവീണ് മരിച്ചത്. 7.30 ന് സ്കൂളിന് മുന്നിലെത്തിയതും തളർന്നുവീഴുകയായിരുന്നു. മക്കൾ: രാജൻ, ദേവൂ, രാധ, ചിന്നമ്മു, വിജയ. മരുമകൾ: വസന്ത.

കല്ലറ പനമരത്ത് വോട്ട് ചെയ്യാൻ വീട്ടിൽനിന്ന് ഇറങ്ങി നടക്കുമ്പോഴാണ് ബാലൻ (64) വഴിയിൽ കുഴഞ്ഞുവീണു മരിച്ചത്. ബൂത്തിൽ ക്യൂ നിൽക്കുമ്പോഴാണ് ചാക്കോ മത്തായി കുഴഞ്ഞുവീണ് മരിച്ചത്.

കെട്ടിട നിർമ്മാണ തൊഴിലാളിയായ എ.പി. സുരേഷ് പാറമ്പുഴ ദേവീവിലാസം സ്കൂളിലെ ബൂത്തിന് മുന്നിലാണ് കുഴഞ്ഞുവീണ് മരിച്ചത്. ഭാര്യ ബീന. മക്കൾ: അനന്തു, അഭിരാം.

വോട്ടിംഗ് യന്ത്രത്തിൽ ക്രമക്കേടെന്ന് പരാതി; വിദ്യാർത്ഥിക്കെതിരെ കേസ്

എബിൻ

തിരുവനന്തപുരം: വോട്ട് ചെയ്യുമ്പോൾ വേറെ സ്ഥാനാർത്ഥിക്കാണ് വോട്ട് വീഴുന്നതെന്ന് പരാതിപ്പെട്ട വിദ്യാർത്ഥിക്കെതിരെ പൊലീസ് കേസെടുത്തു. തെറ്റായ ആരോപണമുന്നയിച്ച് വോട്ടെടുപ്പ് തടസപ്പെടുത്തിയതിന് പട്ടം പ്ലാമൂട് സ്വദേശിയും ബി. ടെക് വിദ്യാർത്ഥിയുമായ എബിൻബാബു (21) വിനെതിരെയാണ് കേസെടുത്തത്. എബിനിൽ നിന്ന് പരാതി എഴുതി വാങ്ങി. പിന്നീട് പോളിംഗ് ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ ടെസ്റ്റ് വോട്ട് ചെയ്തപ്പോൾ വോട്ടിംഗ് യന്ത്രത്തിൽ തകരാർ കണ്ടില്ല. അതോടെ മെഡിക്കൽ കോളേജ് പൊലീസിൽ വിവരം അറിയിച്ച് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. സ്റ്റേഷനിലേക്ക് കൊണ്ടുപോയ എബിനെതിരെ തിരഞ്ഞെടുപ്പ് ചട്ടം 177 അനുസരിച്ച് കേസെടുത്തശേഷം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.

ഇരവിപുരം സിറ്റാദൽ സ്കൂളിൽ വോട്ട് ചെയ്യാനെത്തിയ റെമീഷിനൊപ്പം നവവധു മെറീന

കതിർമണ്ഡപത്തിൽ നിന്ന് പോളിംഗ് ബൂത്തിലേക്ക്

കൊല്ലം: വരണമാല്യം ചാർത്തിയ നവദമ്പതികൾ നേരെ പോയത് പോളിംഗ് ബൂത്തിലേക്ക്. അതൊരു പുതിയ കാര്യമല്ലെങ്കിലും കൊട്ടും പാട്ടും മേളവുമായി ബൂത്തിലേക്കുള്ള യാത്ര ആദ്യസംഭവമായിരിക്കും. തീരദേശ ബൂത്തായ ഇരവിപുരം സിറ്റാദൽ സ്കൂളാണ് ഇതിനു വേദിയായത്.

സ്കൂൾ പഠനകാലത്തേ പ്രണയിച്ചവരാണ് ഇരവിപുരം സ്വദേശികളായ റെമീഷും മെറീനയും. ഇരവിപുരം സെന്റ് ജോൺസ് പള്ളിയിൽ വച്ച് അവർ ഇന്നലെ ഒന്നായി. വോട്ടിടാൻ പോകണമെന്ന് പറഞ്ഞപ്പോൾ കൊട്ടും പാട്ടുമായി റെമീഷിന്റെ കൂട്ടുകാർ ദമ്പതികളെ വളഞ്ഞു. അവർ ഒരു ഘോഷയാത്ര പോലെ ദമ്പതികളെ പോളിംഗ് ബൂത്തിലേക്ക് ആനയിച്ചു. മെറീനയ്ക്ക് അടുത്തിടെയാണ് പതിനെട്ട് വയസ്സ് പൂർത്തിയായത്. അതുകൊണ്ട് വോട്ടില്ലായിരുന്നു.

രഞ്ജു വോട്ട് ചെയ്തു, തല ഉയർത്തിപ്പിടിച്ച്

രഞ്ജു രഞ്ജിമാർ

കൊല്ലം: കഴിഞ്ഞ അഞ്ച് തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്തതിനേക്കാൾ അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ചാണ് ട്രാൻസ്ജെൻഡറായ രഞ്ജു ഇത്തവണ വോട്ട് ചെയ്തത്. സ്ത്രീയല്ലെങ്കിലും സ്ത്രീയെന്നാണ് നേരത്തെ വോട്ടർപട്ടികയിൽ രഞ്ജുവിന്റെ പേരിന്റെ നേർക്ക് രേഖപ്പെടുത്തിയിരുന്നത്. ഇത്തവണയത് തേർഡ് ജെൻഡറെന്ന് മാറി.

തിരക്കേറിയ മേക്കപ്പ് ആർട്ടിസ്റ്റായ രഞ്ജുവിന് ഇന്നലെ രാവിലെ ഒരു വിവാഹ മേക്കപ്പ് ഉണ്ടായിരുന്നു. തിരഞ്ഞെടുപ്പ് കമ്മിഷൻ ട്രാൻസ്ജെൻഡർ സമൂഹത്തെ അംഗീകരിച്ചതിനാൽ വിവാഹ മേക്കപ്പ് ഉപേക്ഷിച്ചാണ് വീടിനടുത്തുള്ള പുന്തലത്താഴം മീനാക്ഷിവിലാസം ഗവ. എച്ച്.എസ്.എസിലെബൂത്തിലെത്തി വോട്ട്ചെയ്തത്. ഒപ്പം അമ്മയും സഹോദരനും സഹോദരിയും അളിയനുമുണ്ടായിരുന്നു.

കാലുകൾ വഴങ്ങാത്ത കൈതോട് ചന്ദ്രിക കാട്ടിലെ വോട്ടായി

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: കൈതോട് ആദിവാസി ഊരിലെ ചന്ദ്രികയ്ക്ക് വോട്ട ചെയ്യാൻ മോഹം. കോട്ടൂർ വനമേഖലയിൽ പേപ്പാറ വന്യജീവി സങ്കേതത്തിലാണ് കൈതോട് ഊര്. വോട്ട ചെയ്യാൻ പൊടിയം ബൂത്തിൽ പോകണം. കൈതോട്ടു നിന്ന് 12 കിലോമീറ്റർ കാട്താണ്ടണം പൊടിയത്ത് എത്താൻ.

കുടിലിൽ നിന്ന് ഇഴഞ്ഞ് പുറത്തേക്കിറങ്ങിനിൽക്കയാണ് ചന്ദ്രിക. കാലുരണ്ടും ശോഷിച്ചുപോയതാണ്. കൈകളൂന്നി ഇഴഞ്ഞുനീങ്ങണം. ഒന്നരകിലോമീറ്റർ അങ്ങനെ നീങ്ങിയാലെ വീതിയുള്ള പാതയിലെത്തൂ. സഹായത്തിന് വരാൻ ആരുമില്ല.

ഒരു സഹോദരനുണ്ട്. എണീക്കാൻ വയ്യാതെ കിടപ്പിലാണ്. അംഗൻവാടി അദ്ധ്യാപികയായ ചന്ദ്രികയും സിന്ധുവും മുന്നിലെത്തിയത് അപ്പോഴാണ്. വോട്ട ചെയ്യാൻ പോരുന്നോ എന്ന ചോദ്യം. മുഖത്തു ചന്ദ്രിക തെളിഞ്ഞതുപോലെ ആ സാധു സ്ത്രീ ചിരിച്ചു.

കൈകളൂന്നി ഇഴഞ്ഞ് അവർക്കൊപ്പം സഞ്ചരിച്ചപ്പോൾ മുന്നിൽ ജീപ്പ്.

രണ്ടുപേരുടേയും സഹായത്തോടെ ജീപ്പിൽ കയറി ഇരുന്നു. ഇറങ്ങിയും കയറിയും വളഞ്ഞു പുളഞ്ഞു കിടക്കുന്ന കാട്ടുപാതയുടെ അറ്റത്താണ് പൊടിയം ബൂത്ത്. ജീപ്പിലല്ലാതെ അവിടെ എത്തുക ബുദ്ധിമുട്ടാണ്. ചന്ദ്രിക അവിടെയെത്തി വോട്ട ചെയ്തു. ജീപ്പിൽ തന്നെ മടക്കം.

ആദിവാസി മേഖലയിൽ ഭിന്നശേഷിക്കാരായവരിൽ വോട്ട ചെയ്യാൻ താൽപര്യമുള്ളവരെ ബൂത്തുകളിലെത്തിക്കാൻ തിരഞ്ഞെടുപ്പ്കമ്മിഷന്റെ പരിശീലനം കിട്ടിയ അംഗൻവാടി ടീച്ചർമാരാണ് ചന്ദ്രികയും സിന്ധുവും. ഭിന്നശേഷിക്കാരായ ആമല ഊരിലെ മധുവും അയ്യപ്പനും വോട്ട ചെയ്യാനെത്തിയതും ഇങ്ങനെയാണ്.

ജില്ലയിൽ ഉൾക്കാട്ടിലുള്ള ബൂത്താണ് പൊടിയം. ആ വനമേഖലയിലെ എല്ലാ ഊരിലെ ആളുകൾക്കും അവിടെയാണ് വോട്ട്. ജീപ്പിൽ കാട്ടിലൂടെ സഞ്ചരിക്കണം. പോളിംഗ് ഉദ്യോഗസ്ഥരെല്ലാം തലേന്ന് തന്നെ എത്തി.

കോട്ടൂർ ഉൾവനമേഖലയായ പൊടിയത്തെ പോളിംഗ് ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം പുറത്തേക്ക് വരുന്ന ചന്ദ്രിക

ഫോട്ടോ : സുഭാഷ് കുമാരപുരം

ബൂത്തിലും സമീപത്തെ സാംസ്കാരിക നിലയത്തിലുമാണ് പൊലീസുകാർ ഉൾപ്പെടെയുള്ളവർ കഴിഞ്ഞത്. ഭക്ഷണം സമീപത്തെ ആദിവാസികളുടെ വീടുകളിൽ നിന്ന് എത്തി.

അനധികൃത ബസ് സർവീസിന് പൂട്ട്

'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സു'മായി മോട്ടോർ വാഹന വകുപ്പ്

തിരുവനന്തപുരം: അനധികൃതമായി ഓടുന്ന അന്തർസംസ്ഥാന ബസുകളിൽ പരിശോധന ശക്തമാക്കാൻ മോട്ടോർ വാഹനവകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന് പേരിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. ജില്ലാതലത്തിൽ ഒരു വെഹിക്കിൾ ഇൻസ്പെക്ടറും രണ്ട് അസി. വെഹിക്കിൾ ഇൻസ്പെക്ടർമാരും ഉൾപ്പെടുന്ന സ്ക്വാഡ് 24 മണിക്കൂറും പരിശോധന നടത്തും.

പരിശോധനയുടെ പേരിൽ യാത്രക്കാരെ ബുദ്ധിമുട്ടിക്കില്ല. യാത്ര തുടങ്ങുന്നിടത്തും അവസാനിക്കുന്നിടത്തും മാത്രമേ ഇവർ പരിശോധന നടത്താവൂ എന്ന് നിർദ്ദേശമുണ്ട്. പ്രത്യേകം ടിക്കറ്റെടുത്താണ് യാത്ര ചെയ്യുന്നതെന്ന് യാത്രക്കാരിൽ നിന്നും മൊഴി എടുക്കണം. ഇതിന് ശേഷം ചെക്ക്റിപ്പോർട്ട് തയാറാക്കണം. ആവശ്യമെങ്കിൽ പരിശോധനയ്ക്ക് പൊലീസ് സഹായം ആവശ്യപ്പെടാം.

അന്തർസംസ്ഥാന സർവീസ് നടത്തുന്ന വാഹനങ്ങളുടെ വിവിധതരത്തിലുള്ള പിഴകൾ അടയ്ക്കാൻ നോട്ടീസ് നൽകണം. കുടിശികയുള്ള വാഹനങ്ങൾക്കെതിരെ നടപടി എടുക്കണം. വാഹനത്തിൽ കടത്തുന്ന പാഴ്സലുകളും പരിശോധിക്കണം. വേഗപ്പൂട്ടുകൾ പ്രവർത്തിച്ചില്ലെങ്കിൽ നടപടി എടുക്കണം. ഇവ നിരീക്ഷിക്കാൻ എറണാകുളത്ത് കൺട്രോൾറൂം തുടങ്ങും. ടൂർ ഓപ്പറേറ്റർ ലൈസൻസ് (എൽ.എ.പി.ടി) ഇല്ലാത്ത ബുക്കിംഗ് സ്ഥാപനങ്ങൾക്കെതിരെയും നടപടി എടുക്കും.

ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സിന്റെ പ്രവർത്തനം

- എൽ.എ.പി.ടി ലൈസൻസ് ഇല്ലാത്ത എല്ലാ ബുക്കിംഗ് ഓഫീസുകൾക്കും നോട്ടീസ് നൽകണം
- ഏജൻസികൾക്കും ലൈസൻസുണ്ടെന്ന് ഉറപ്പാക്കണം.
- അമിത വേഗതയിലോടുന്ന ബസുകൾക്കെതിരെ ആർ.ടി.ഒമാർ നടപടിയെടുക്കണം
- പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനുള്ള എൻഫോഴ്സ്മെന്റ് കോ- ഓർഡിനേറ്ററുടെ ഫോൺ : 8281786096

■ലക്ഷ്യം 'കല്ലട'യെ കുടുക്കൽ

എൽ.എ.പി.ടി ലൈസൻസ് ഇല്ലാതെയാണ് ഭൂരിഭാഗം സ്വകാര്യ ടൂർ ഓപ്പറേറ്റർമാരും സർവീസ് നടത്തുന്നത്. യാത്രക്കാരെ തല്ലിയതിന്റെ പേരിൽ പ്രതിക്കൂട്ടിലായ കല്ലട ട്രാവൽസിന്റെ ബസുകളിൽ മിക്കതിനും ഈ ലൈസൻസ് ഇല്ല. കേന്ദ്ര ഗവൺമെന്റിന്റെ ട്രൂറിസ്റ്റ് പെർമിറ്റ് കല്ലട നേടിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരാണ് എൽ.എ.പി.ടി ലൈസൻസ് നൽകുന്നത്. അതുകൊണ്ടു തന്നെ ഇതിന്റെ പേരിൽ കല്ലടയെ പൂട്ടാൻ കഴിയുമെന്നാണ് മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ കണക്കുകൂട്ടൽ.

വിളിച്ചറിയിച്ചശേഷം പ്രതി മുങ്ങി

ആൾപ്പാർപ്പില്ലാത്ത വീട്ടിൽ ജോലിക്കാരി കൊല്ലപ്പെട്ടു

ഏറ്റുമാനൂർ: ഏറ്റുമാനൂർ നഗരമദ്ധ്യത്തിലെ ആൾതാമസമില്ലാത്ത വീട്ടിൽ വീട്ടുജോലിക്കാരിയായ മദ്ധ്യവ